(7) കാസർഗോഡ് ജില്ലയിലെ ആഴൂരിൽ നാരായണ നായിക് എന്നയാൾ വെടിയേറ്റു മരിച്ച സംഭവം

ശ്രീ. പി. രാഘവൻ : സർ, എന്റെ നിയോജക മണ്ഡലത്തിലെ ബന്തടുക്കയിൽ ചിക്കണ്ടമൂല എന്ന സ്ഥലത്ത് നാരായണ നായിക് എന്ന സി.പി.എം. പ്രവർത്തകൻ ബുധനാഴ്ച വൈകുന്നേരം കൊല്ലപ്പെട്ട സംഭവം ഉണ്ടായിരുന്നു. പാലാ റിസർവ് വനത്തിന്റെ അതിർത്തിയിൽ നടപ്പാതയിലാണ് വ്യാഴാഴ്ച രാവിലെ മൃതദേഹം കണ്ടെത്തിയത്. മൃതദേഹം പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കർഷകത്തൊഴിലാളിയായ നാരായണ നായിക് സി.പി.എം.ന്റെ സജീവ പ്രവർത്തകനാണ്. ബുധനാഴ്ച കരുവേടകം വില്ലേജ് ഓഫീസറായ ബുദ്ധനായികിന്റെ വീട്ടിൽ നടന്ന ഒരു പൂജാ പരിപാടിയിൽ പങ്കെടുത്ത് തിരികെ വീട്ടിലേയ്ക്ക് പോകുമ്പോഴാണ് വിജനമായ സ്ഥലത്തുവച്ച് നാരായണ നായികിനെ ഒരു ക്രിമിനൽ സംഘം വെടിവച്ചത്. സി.പി.എം.ന്റെ പ്രാദേശിക നേതാക്കൾ ഇതുവഴി നടന്നുവരുമെന്ന് കണക്കാക്കി ആയുധധാരികളായ ഒരു സംഘം ആളുകൾ നേരത്തെ കാത്തുനിന്നതായിരുന്നു. അവർക്ക് കിട്ടിയത് നാരായണ നായിക്കിനെയായിരുന്നു. നാരായണ നായിക് വെടിയേറ്റ് തൽക്ഷണം അവിടെവച്ചുതന്നെ മരിക്കുകയാണുണ്ടായത്. മാംസ ചീളുകൾ അടുത്തുള്ള മരത്തിൽ പറ്റിപ്പിടിച്ചതായി കണ്ടെത്തിയിട്ടുണ്ട്. വെടിയേറ്റ് നെറ്റിയും മുഖവും പൂർണ്ണമായി തകർന്നിട്ടുണ്ട്. തലയോട് പൊട്ടിത്തെറിച്ചിട്ടുണ്ട്. ഇതിനുമുമ്പ് ഇതേ സ്ഥലത്ത് വച്ച് കുമ്പ എന്നുപറയുന്ന ഒരു ഹരിജൻ സ്ത്രീയെ വെടിവച്ചതും ഈ ക്രിമിനൽ സംഘം തന്നെയാണ്. സി.പി.എം.ന്റെ ബ്രാഞ്ച് സെക്രട്ടറിയായിരുന്ന സഖാവ് ജോസിന്റെ ഒരു കൈ വെട്ടിയെടുത്ത് കുറച്ചു നാളുകൾക്കു മുൻപുമാത്രമാണ് ഈ സംഘത്തിന്റെ ക്രൂരത തെളിയിച്ചത്. വനംകൊള്ള, ചാരായം, റബ്ബർ കള്ളക്കടത്ത് എന്നിവവഴി പണം സമ്പാദിക്കുന്ന ഒരു ക്രിമിനൽ കൊള്ളസംഘം ഇവിടെ പ്രവർത്തിക്കാൻ തുടങ്ങിയിട്ട് കുറേ നാളായി. ഈ ക്രിമിനൽ സംഘത്തെ അടിച്ചമർത്തിയില്ലെങ്കിൽ ഇവിടെ സാധാരണ ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടാകും. ഈ സംഭവത്തെ സംബന്ധിച്ച് ശക്തമായ അന്വേഷണം നടത്തുകയും കുറ്റവാളികളെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കാനാവശ്യമായ നടപടി എടുക്കുകയും വേണം. ഈ കൊലപാതകത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഇന്ന് പ്രാദേശിക ഹർത്താൽ നടക്കുകയാണ്. ഈ സംഘത്തിലെ ആരെയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് അറസ്റ്റ് മാത്രമല്ല സംഘത്തെതന്നെ അടിച്ചമർത്താനാവശ്യമായ നടപടി എടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, മാർച്ച് രണ്ടാം തീയതി വ്യാഴാഴ്ച രാവിലെ കാസർഗോഡ് ജില്ലയിൽ അടൂരിൽ നാരായണ നായിക് എന്നയാൾ വെടിയേറ്റ് മരണമടഞ്ഞ സംഭവം ഉണ്ടായിട്ടുണ്ട്. അടൂരിലെ ബസ വനംകുഡ് എന്ന സ്ഥലത്ത് നടപ്പുവഴിയിൽ നാരായണ നായിക് വെടിയേറ്റ് മരിച്ച നിലയിൽ കിടക്കുന്നതാണ് കണ്ടത്. ഇന്ത്യൻ ശിക്ഷാ നിയമം 302-ാം വകുപ്പ് പ്രകാരം അടൂരിൽ പോലീസ് സ്റ്റേഷൻ ക്രൈം 33/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. മരണമടഞ്ഞ നാരായണ നായിക് സി.പി.എം. പ്രവർത്തകനായിരുന്നു. രാഷ്ട്രീയ വിരോധം കാരണം നാരായണ നായിക്കിനെ കൊല്ലപ്പെടുത്തിയതാണെന്ന ആക്ഷേപവും ഉയർന്നുവന്നിട്ടുണ്ട്. കാസർഗോഡ് ജില്ലാ പോലീസ് സൂപ്രണ്ട് ഉൾപ്പെടെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഉന്നത ഉദ്യോഗസ്ഥൻമാർ സ്ഥലം സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. സംഭവത്തിൽ പ്രതിഷേധിച്ച് ആടൂർ, കരുവേടകം എന്നീ പ്രദേശങ്ങളിൽ ഇന്ന് ഹർത്താൽ ആചരിച്ചുവരുന്നതായി അറിയുന്നു. സ്ഥലത്ത് ആവശ്യമായത്ര പോലീസിനെ നിയോഗിച്ചിട്ടുണ്ട്. സ്ഥിതിഗതികൾ ഇപ്പോൾ നിയന്ത്രണ വിധേയമാണ്അ. കേസ് അന്വേഷണം ഊർജ്ജിതമായി നടത്തി കാസർഗോഡ് ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

(8) പ്ലാന്റേഷൻ കോർപ്പറേഷൻ ജീവനക്കാരുടെ സേവന-വേതന കരാർ

ശ്രീ. പി.ജെ. ജോയി : സർ, സംസ്ഥാനത്ത് പ്രമുഖ പൊതുമേഖലാ സ്ഥാപനമായ പ്ലാന്റേഷൻ കോർപ്പറേഷനിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കേരള സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള എസ്റ്റേറ്റുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എഗ്രിമെന്റിന്റെ കാലാവധി കഴിഞ്ഞിട്ട് മൂന്നര വർഷം പിന്നിട്ടു. ഇതുപോലൊരു ദീർഘകാല കരാറിന് ഇത്രയും വൈകിയ ഒരു സംഭവം ഉണ്ടായിട്ടില്ല. അതുപോലെതന്നെ അവിടെ ജോലി ചെയ്യുന്ന ആയിരക്കണക്കിന് തൊഴിലാളികൾ, ആ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നത് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായിട്ടാണ് സാധാരണ നടക്കുന്നത്. അതുകൊണ്ട് ജീവനക്കാരുടേത് അവിടെ നേരിട്ട് ചർച്ച നടത്തി തീരുമാനമെടുക്കുമ്പോൾ തൊഴിലാളികളുടെയും അങ്ങനെയാക്കണമെന്ന ഒരാവശ്യം ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞിരുന്നതാണ്. അദ്ദേഹം അത് സമ്മതിച്ചിരുന്നതുമാണ്. എന്നാൽ പി.എൽ.സി. തീരുമാനം വൈകുന്നു, ആ നിലയ്ക്ക് അവർക്ക് ഒരു ഇടക്കാലാശ്വാസം നൽകണമെന്ന ആവശ്യം നിരന്തരമായി ഉന്നയിച്ചിട്ട് നാളുകളായി. അതുകൊണ്ട് അടിയന്തിരമായി ഈ രണ്ട് വിഭാഗക്കാരുടെ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കണം. തൊഴിലാളികൾക്ക് ഇടക്കാലാശ്വാസം അനുവദിക്കാനും തയ്യാറാകണം. അതുമായി ബന്ധപ്പെട്ട് ഒരു കോൺഫറൻസ് വിളിച്ച് അവിടെയുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികളുടെ വേതനത്തെ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയാണ് നിശ്ചയിക്കുന്നത്. അങ്ങേയ്ക്ക് നല്ലതുപോലെ അറിയാം.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി 6-ാം തീയതി അതിന് കോൺഫറൻസും വിളിച്ചിട്ടുണ്ട്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : പ്ലാന്റേഷൻ കോർപ്പറേഷൻ ഈ പ്ലാന്റേഷന്റെ ലേബർ കമ്മിറ്റിയിൽ അംഗമാണ്. ലേബർ കമ്മിറ്റി എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അവിടത്തെ വർക്കേഴ്സിന്റെ വേതനം നിശ്ചയിക്കുന്നത്. പ്ലാന്റേഷൻ ലേബർ കമ്മിറ്റി തീരുമാനം ആയിക്കഴിഞ്ഞാൽ ആ നിമിഷം പ്ലാന്റേഷൻ കോർപ്പറേഷനിലെ വർക്കേഴ്സിന്റെ വേതനം പുതുക്കി നിശ്ചയിച്ച് അത് നടപ്പാക്കും. അതിൽ ഇടക്കാലാശ്വാസത്തെ സംബന്ധിച്ച് പ്ലാന്റേഷൻ കോർപ്പറേഷന്റെ ചെയർമാനും എം.ഡി.യും

LIBRARY ARCHIVES Kerala Legislative Assembly